നം.വൈ1/17408/2023/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം തീയതി: 12.12.2023
email:-supdty.dge@kerala.gov.in

# <u>പരിപത്രം</u>

വിഷയം:- പൊതുവിദ്യാഭ്യാസം- യങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാമിന്റെ 6-ാമത് പതിപ്പായ വൈ.ഐ.പി.-6.0 നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 12/10/2023 തീയതിയിലെ ജില്ലാ/മേഖലാതല ഉദ്യോഗസ്ഥരുടെ യോഗ തീരുമാനം.

****************************

യങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാമിന്റെ 6-ാമത് പതിപ്പായ വൈ.ഐ.പി.-6.0 നടപ്പിലാക്കുന്നതിനായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

- സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളും, ഹയർ സെക്കന്ററി സ്കൂളുകളും, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളും പ്രത്യേകം പ്രത്യേകമായി വൈ.ഐ.പി. ശാസ്ത്രപഥം 6.0 ൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരും, അസിസ്റ്റന്റ് ഡയറക്ടർമാരും നേതൃത്വം നൽകേണ്ടതാണ്.
- തുടർന്നുള്ള ദിവസങ്ങളിൽ ഓരോ ജില്ലയിലേയും കെ-ഡിസ്ക് പ്രോഗ്രാം എക്സിക്യൂട്ടീവ്മാർ വിദ്യാഭ്യാസ ഉപഡയറക്ടർമാരെയും, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരെയും, അസിസ്റ്റന്റ് ഡയറക്ടർമാരെയും എന്നിവരെ ബന്ധപ്പെടുകയും ഓരോ വിഭാഗം സ്ഥാപനങ്ങളുടേയും പ്രിൻസിപ്പൾമാരുടെ ഓൺലൈൻ യോഗം ചേരുന്നതിന് സഹായിക്കുകയും ചെയ്യും. പ്രസ്തുത യോഗത്തിൽ കെ-ഡിസ്കിന്റെ പ്രതിനിധി സ്ഥാപന രജിസ്ട്രേഷൻ, ഐഡിയ രജിസ്ട്രേഷൻ എന്നിവ നടത്തുന്ന രീതി വിശദീകരിക്കുന്നതായിരിക്കും.
- ഹൈസ്കൂളിലെ ശാസ്ത്രപഥം ചുമതലയുള്ള അദ്ധ്യാപകരും, ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ കരിയർ ഗൈഡൻസ് ചുമതലയുള്ള അദ്ധ്യാപകരും വൈ.ഐ.പി. ശാസ്ത്രപഥത്തിന്റെ ചുമതല കൂടി വഹിക്കുകയും ഓരോ സ്ഥാപനത്തിൽ നിന്നും കുറഞ്ഞത് പത്ത് ഐഡിയകൾ എങ്കിലും സമർപ്പിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.
- കെ-ഡിസ്ക്കിന്റെ എല്ലാ ജില്ലകളിലെയും പ്രോഗ്രാം എക്സിക്യൂട്ടീവ്മാരുടെയും പേരുവിവരവും ഫോൺ നമ്പരും ജില്ലാ/മേഖലാ ഉദ്യോഗസ്ഥർക്ക് കെ-ഡിസ്കിൽ നിന്നുംലഭ്യമാക്കുന്നതായിരിക്കും.

➢ ഓരോ സ്കൂളിലേയും വൈ.ഐ.പി. ശാസ്ത്രപഥം വിഷയമാക്കി പ്രത്യേക അദ്ധ്യാപക രക്ഷകർത്തൃ യോഗം ചേരേണ്ടതാണ്. അതിൽ നൂതന ആശയ രൂപീകരണം, വൈ.ഐ.പി. ക്ലബ്ബുകളുടെ രൂപീകരണം, റിയൽ ലൈഫ് പ്രോബ്ലം സോൾവിങ് തുടങ്ങിയ ആശയങ്ങൾ ചർച്ച ചെയ്യാവുന്നതുമാണ്. വിദ്യാർത്ഥികളുടെ പരമാവധി പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പി.റ്റി.എ. യുടെ സഹകരണവും തേടാവുന്നതാണ്. YIP ജില്ലാതല മേഖല പ്രതിമാസ അവലോകന യോഗങ്ങളിലെ ഒരു വിഷയമായി പരിഗണിക്കേണ്ടതാണ് എന്ന് അറിയിക്കുന്നു.

**ഷാനവാസ് എസ് ഐ.എ.എസ്.**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

<u>സ്വീകർത്താവ്</u>

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ഹയർസെക്കന്ററി റിജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3. എല്ലാ വി.എച്ച്.എസ്.സി അസിസ്റ്റന്റ് ഡയറക്ടർമാർക്കും
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
6. സ്റ്റേറ്റ് സെക്രട്ടറി ശാസ്ത്രം
7. എല്ലാ സബ്ജില്ലാ/റവന്യൂജില്ലാ സയൻസ് ക്ലബ് സെക്രട്ടറിമാർക്കും
8. എല്ലാ പ്രഥമാദ്ധ്യാപകർക്കും
9. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കൈറ്റ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
10. സൂക്ഷിപ്പ് ഫയൽ